## പതിമൂന്നാം കേരള നിയമസഭ
### അഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4788 | 29.06.2012 ൽ മറുപടിയ്ക്ക് |
|---|---|

**വനിതാ കമ്മീഷൻ നടത്തിയ അനധികൃത കാർ വില്പന**

| | ചോദ്യം | ഉത്തരം |
|---|---|---|
| ശ്രീമതി കെ. എസ്. സലീഖ | | ഡോ. എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| (എ) | ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാന വനിതാ കമ്മീഷന്റെ വിവിധ ആവശ്യങ്ങൾക്കായി ഉപയോഗിച്ചുകൊണ്ടിരുന്ന 2000 മോഡൽ അംബാസഡർ കാർ വിൽപ്പന നടത്തിയോ; എങ്കിൽ എന്ത് തുകയ്ക്ക്, ആർക്കാണ് വില്പന നടത്തിയത്; വിൽപ്പന നടത്താൻ കാരണമെന്ത്; വ്യക്തമാക്കുമോ; | (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം കേരള വനിതാ കമ്മീഷനിൽ ഉപയോഗിച്ചു കൊണ്ടിരുന്ന 15 വർഷത്തോളം പഴക്കമുള്ള 1997 മോഡൽ കെ.എൽ 01 കെ 7600 അംബാസിഡർ കാർ വിൽപ്പന നടത്തിയിട്ടുണ്ട്. നിയമ പ്രകാരം പത്രപരസ്യം നൽകി 49000/- രൂപയ്ക്ക് പരസ്യലേലത്തിൽ ശ്രീ.ഷാഹുൽ ഹമീദ് (ആദിൻ മൻസിൽ, റ്റി.സി.20/1496, കരമന) എന്നയാൾക്കാണ് വിൽപന നടത്തിയിട്ടുള്ളത്. പ്രസ്തുത വാഹനത്തിന് 15 വർഷത്തോളം പഴക്കമുള്ളതുകൊണ്ട് റിപ്പയറിംഗിനും മെയിന്റനൻസിനുമായി വളരെയധികം രൂപ അധിക ചെലവ് വരുന്നതിനാലാണ് വിൽപന നടത്തിയത്. |
| (ബി) | നിയമപ്രകാരം പത്രങ്ങളിൽ പരസ്യം നൽകാതെയാണ് കാർ വില്പന നടത്തിയതെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചത്; വ്യക്തമാക്കുമോ; | (ബി) യും (സി) യും<br>(എ) പിരിവിന് നൽകിയ മറുപടിയുടെ വെളിച്ചത്തിൽ ചോദ്യം പ്രസക്തമല്ല. |
| (സി) | പ്രസ്തുത കാർ വളരെ തുച്ഛമായ വിലയ്ക്ക് വില്പനനടത്തിയ ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചത്; വ്യക്തമാക്കുമോ; | |

| | | |
|---|---|---|
| (ഡി) | ഈ സർക്കാർ അധികാരമേറ്റശേഷം വനിതാ കമ്മീഷന്റെ ആവശ്യത്തിനായി പുതിയ കാർ വാങ്ങിയോ; എങ്കിൽ ഏത് തരം കാറാണെന്നും എന്ത് തുകയ്ക്കാണ് വാങ്ങിയതെന്നും വ്യക്തമാക്കുമോ; | (ഡി) ഈ സർക്കാർ അധികാരമേറ്റ ശേഷം വനിതാ കമ്മീഷന്റെ ആവശ്യ-ത്തിനായി പുതിയ റ്റാറ്റാ ഇൻഡിഗോ കാർ (കെ.എൽ.01 ബിഇ 3939) കാർ 5,01,246 രൂപയ്ക്ക് വാങ്ങിയിട്ടുണ്ട്. |
| (ഇ) | വനിതാ കമ്മീഷന്റെ ഇത്തരം നടപടികൾ അവസാനിപ്പിക്കുവാൻ എന്തെല്ലാം നടപടി കളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കു-ന്നതെന്ന് വ്യക്തമാക്കുമോ? | (ഇ) ബാധകമല്ല. |

സെക്ഷൻ ഓഫീസർ